ലക്കം 35

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**


## അന്ധകാരത്തിൽ നിന്നും വിളിക്കപ്പെട്ടു

*‘നിങ്ങളോ അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു”* (1 പത്രൊസ് 2:9)

ദൈവത്തിന്റെ സിംഹാസനത്തിൽ നിന്ന് കാലങ്ങളായി പ്രതിധ്വനിക്കുന്ന ഈ സന്ദേശം ഇന്നത്തെ തലമുറയിൽ ഇപ്പോഴും പ്രസക്തമാണ്. ഈ പാപലോകത്തിന്റെ അന്ധകാരത്തെ വെടിഞ്ഞ് നീതിയുടെയും അത്ഭുതകരമായ വെളിച്ചത്തിലും നടക്കാനുള്ള ദൈവത്തിന്റെ വിളിയാണ്. മനുഷ്യരുടെ ജീവിതം ജഡമോഹങ്ങളാൽ വീഴുന്നു. വ്യഭിചാരം, പരസംഗം, അശുദ്ധി, വിഗ്രഹാരാധന, ശാഠ്യം, കലഹം, അസൂയ, കൊലപാതകം, മദ്യപാനം ഇങ്ങനെ പട്ടിക നീളുന്നു. ദൈവം നീരസപ്പെടുകയും ആളുകൾ അവരുടെ സ്വന്തം കാമപദ്ധതി പിന്തുടരുകയും ചെയ്യുന്നതിനാൽ ആത്മീയ അന്ധത ദേശത്തുടനീളം വ്യാപിക്കുന്നു. ഇത്തരം കാര്യങ്ങളിൽ ഏർപ്പെടുന്നവർ ദൈവരാജ്യത്തിൽ കടക്കുകയില്ല. (ഗലാ. 5: 19–21)

പാപത്തിന്റെ താത്ക്കാലിക മോഹങ്ങളിൽ അടിമപ്പെട്ട് പാപം ചെയ്തശേഷം, മനസാക്ഷിയുടെ ആക്ഷേപത്താൽ കുറ്റബോധത്തിൽ നിന്നും രക്ഷ നേടുവാൻ ആഗ്രഹിക്കുന്നവരാണ് ഭൂരിപക്ഷം ജനങ്ങളും. പലരും ദൈവത്തിന്റെ അസ്ഥിത്വത്തപ്പോലും നിരസിക്കുകയും പരമമായ ധാർമ്മികതയെ നിഷേധിക്കുകയും ചെയ്യുമ്പോൾ മനുഷ്യരുടെ മതങ്ങൾ പാപത്തിന് ഇടം നൽകാനും മനുഷ്യരാശിയുടെ ഹൃദയങ്ങളിൽ നിലനിൽക്കുന്ന തിന്മയെ ഉൾക്കൊള്ളാനും സുവിശേഷത്തെ പുനർനിർവ്വചിക്കാനും ശ്രമിക്കുന്നു. “സത്യത്തിൽ ജനങ്ങൾ ഇരുട്ടിനെ ഇഷ്ടപ്പെടുന്നു. വെളിച്ചത്തേക്കാൾ അവരുടെ പ്രവർത്തികൾ ഇരുൾ നിറഞ്ഞതത്രെ.” (യോഹന്നാൻ 3:19)

ജഡത്തിന്റെ ആസക്തികളും തിന്മകളും സമൂഹത്തിൽ വ്യാപകമാണ്. ഇരുട്ടിന്റെ ആഴം കൂടുന്നതനുസരിച്ച് ധാർമ്മികത ഘടന കീറിമുറിക്കുകയാണ്. ചില ആളുകൾ കാലത്തിന്റെ അധാർമ്മികക്കെതിരെ നിലകൊള്ളുമ്പോൾ അവർ തന്നെ പലപ്പോഴും അമിതമോഹം, അഭിമാനം, അല്ലെങ്കിൽ സമ്പത്ത് എന്നിവയാൽ നയിക്കപ്പെടുന്നു. എല്ലാ രൂപത്തിലുമുള്ള ആത്മീയ അന്ധകാരം ആളുകളെ ദൈവത്തിൽ നിന്നും വേർതിരിക്കുന്നു. പാപത്തിന്റെ ശമ്പളം മരണമാണ്.



**“അന്ധകാരമെന്നാൽ വെളിച്ചത്തിന്റെ അഭാവമാണ്. ആത്മീകമായി പറഞ്ഞാൽ അത് ദൈവത്തിന് വിരുദ്ധമായ സകല ശക്തിയുമാണ് .”**

“അന്ധകാരമെന്നാൽ വെളിച്ചത്തിന്റെ അഭാവമാണ്. ആത്മീകമായി പറഞ്ഞാൽ അത് ദൈവത്തിന് വിരുദ്ധമായ സകല ശക്തിയുമാണ്. മനുഷ്യന്റെ ആന്തരിക സത്തയിലേക്ക് വ്യാപിക്കുന്നത് അത് അവനെ ശാരീരികമായും മാനസികമായും വൈകാരികമായും ആത്മീയമായും ബാധിക്കുന്നു. രാഷ്ട്രീയക്കാർ പ്രചരിപ്പിക്കുകയും പാപപങ്കിലമായ ജീവിതശൈലിയും ഇഹലോകത്തിന്റെ ആശയങ്ങളും സന്തോഷവും, സംതൃപ്തിയും അല്ല ജനങ്ങൾക്ക് നൽകുന്നത്, മറിച്ച് നിരാശയും ഏകാന്തതയും, ഇച്ഛാഭംഗവും നിത്യമരണവുമാണ് അവർ നൽകുന്നത്.

ക്രിസ്തുയേശുവിൽ കൂടി ലഭ്യമാകുന്ന പാപ അന്ധകാരത്തിൽ നിന്നുമുള്ള വിടുതലിനായി നമുക്ക് ദൈവത്തിന് സ്തോത്രം ചെയ്യാം. “അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ ...


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം<br>ഈ ലോകത്തിന്റേത് അല്ല | അനുബന്ധലേഖനം<br>ഈ ലോകത്തിന്റേത് അല്ല | വിശുദ്ധിക്കായി വിളിച്ചു | നിങ്ങൾക്കറിയാമോ?<br>തക്കസമയത്തെ വാക്ക്<br>നീതി പ്രസംഗി |
| 3 | 4 | 5 - 6 | 7 | 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21, മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23, 1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17, റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21, യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14, 1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6, 1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28, വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27, യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5, യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18, റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15, ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29, 2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

അവന്റെ പുത്രനായ യേശുവിന്റെ രക്തം നമ്മുടെ സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു." (1 യോഹ. 1:7)

അവന്റെ അത്ഭുത പ്രകാശത്തിലേക്ക് അന്ധകാരത്തിൽ നിന്നും വിളിക്കപ്പെട്ട വരാണ് നാം. ഇരുട്ടിനെ പുറത്താക്കുന്ന വെളിച്ചം. ജഡത്തിന്റെ ശക്തിക്ക് കീഴ്പെട്ട് എല്ലാവരും ഇരുട്ടിന്റെ അധികാരത്തിൽ നടക്കുന്നു. ദൈവവിളി കേൾക്കുന്നവരോ വെളിച്ചത്തിന്റെ മനോഹാരിതയിൽ സമാധാനമായി നടക്കുന്നു." യേശു പിന്നെയും അവരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ വെളിച്ചമാണ്, എന്നെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കാതെ ജീവന്റെ വെളിച്ചം ലഭിക്കും." (യോഹന്നാൻ. 8:12)



**"കുറച്ച് ഇരുട്ടും കുറച്ച് വെളിച്ചവും തെരഞ്ഞെടുക്കാമെന്ന് ആളുകളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത് സാത്താന്റെ കാപട്യമാണ്."**

യേശു വന്നത് തന്നെ "എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുട്ടിൽ വസിക്കാതിരിപ്പാൻ" ആണ്. (യോഹ. 12:46) കുറച്ച് ഇരുട്ടും കുറച്ച് വെളിച്ചവും തെരഞ്ഞെടുക്കാമെന്ന് ആളുകളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത് സാത്താന്റെ കാപട്യമാണ്. ദൈവമക്കൾ അന്ധകാരത്തിൽ നിന്നും വിളിക്കപ്പെട്ടിരിക്കുന്നു. അവർ വെളിച്ചത്തിന്റെ മക്കളായി നടക്കണം. കർത്താവിന് സ്വീകാര്യമായത് എന്താണെന്ന് തെളിയിച്ചു. അന്ധകാരത്തിന്റെ നിഷ്ഫലമായ പ്രവർത്തികളെ പുറത്താക്കുക മാത്രമല്ല അവയെ ശാസിക്കുകയും വേണം. (എഫെ. 5:8-11)

ഒരുവൻ ക്രിസ്തുവിനെ പൂർണ്ണഹൃദയത്തോടെ സ്വീകരിക്കുകയും പാപത്തെക്കുറിച്ച് അനുതപിക്കുകയും ചെയ്യുമ്പോൾ, ക്രിസ്തുവിന്റെ വെളിച്ചം ജീവിതത്തെ രൂപാന്തരപ്പെടുത്തും. 2 കൊരി. 5:17 ഇപ്പോഴും പ്രസക്തമാണ്. "ആകയാൽ ഒരു മനുഷ്യൻ ക്രിസ്തുവിലായാൽ അവൻ ഒരു പുതിയ സൃഷ്ടിയാണ്. പഴയവ കഴിഞ്ഞുപോയി. ഇതാ എല്ലാം പുതിയതായിത്തീർന്നു." കള്ളംപറയുക, വഞ്ചന,
പരസംഗം, വ്യഭിചാരം, വിദ്വേഷം ഇവയൊന്നുമില്ലാത്ത പുതിയ സൃഷ്ടിയത്രെ. ക്രിസ്തുവിന്റെ വെളിച്ചം, സ്നേഹം, സമാധാനം, നന്മ മുതലായവയിൽ ആത്മാവിന്റെ കൃപയും ഫലവും കൊണ്ടുവരും.
(ഗലാത്യർ 5: 22-25) വിശ്വാസി ഇനി ജഡത്തെ പിന്തുടരാതെ ആത്മാവിനെ പിന്തുടരും. അന്യരും പരദേശികളുമെന്ന നിലയിൽ, ദൈവമക്കൾ "ആത്മാവിനെതിരെ പോരാടുന്ന ജഡമോഹങ്ങളിൽ നിന്ന് വിട്ടു നിൽക്കും." (1 പത്രൊ.2:11) കൂടാതെ ലോകത്തിൽ നിന്നും ലോകമോഹങ്ങളിൽ നിന്നും വേറിട്ടു നിൽക്കും.

ദൈവത്തിന്റെ വെളിച്ചം രോഗശാന്തിയും പുനഃസ്ഥാപനവും സമാധാനവും നൽകുന്നു. എന്നാൽ ഇരുട്ടിൽ നിന്നും ശുദ്ധവും വ്യക്തവുമായ ഇടവേള ഉണ്ടായിരിക്കണം. ദൈവം വെളിച്ചം ആണെന്നും അവനിൽ അന്ധകാരമൊന്നുമില്ലെന്നും നാം അവനെക്കുറിച്ച് കേട്ട സന്ദേശമിതാണ്. അവനുമായി കൂട്ടായ്മ ഉണ്ടെന്നു പറയുകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു (1 യോഹ. 1:5-6) നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാനും ജഡീകമായിരിക്കുവാനും കഴിയില്ല. ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു (റോമർ. 8: 5-8).

നിങ്ങൾ ഇരുട്ടിലാണ് ജീവിക്കുന്നതെങ്കിൽ നിങ്ങളുടെ ഹൃദയം ദൈവത്തിന്റെ വെളിച്ചത്തിലേക്ക് തുറന്ന് ആസ്വദിക്കൂ. ജീവിതത്തിന്റെ യഥാർത്ഥ അനുഗ്രഹങ്ങൾ അനുഭവിക്കൂ. ■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*യാക്കോബിന്റെ ഗൃഹമേ, വരുവീൻ നമുക്ക് യഹോവയുടെ വെളിച്ചത്തിൽ നടക്കാം.* – യെശയ്യ. 2:5

ലോകം പാപ അന്ധകാരത്തിൽ നിന്നും കൂടുതൽ ഇരുട്ടിലേക്ക് നീങ്ങുന്ന തനുസരിച്ച് ലോകമനുഷ്യരും ദൈവമക്കളും തമ്മിലുള്ള വ്യത്യാസം കൂടുതൽ പ്രകടമാകുന്നു. ദുഷ്ടത പെരുകുമ്പോൾ ദൈവജനത്തിൽ നിന്നുള്ള സത്യത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിക്കും. യെശയ്യാ പ്രവാചകൻ പഴയനിയമ ദൈവവചനത്തോട് അഭ്യർത്ഥിച്ചതുപോലെ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. "വരുവീൻ നമുക്ക് കർത്താവിന്റെ വെളിച്ചത്തിൽ നടക്കാം".

ഈ പംക്തിയിൽ പ്രതിപാദിക്കുന്ന വിഷയം "ഈ ലോകത്തിന്റേതല്ല" എന്നുള്ളതാണ്. ദൈവജനം ലോകത്തെ ഉപേക്ഷിച്ച് യേശുവിനെ വിശുദ്ധിയിൽ അനുഗമിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തിരുവെഴുത്തുകളിൽ വ്യക്തമായിരിക്കുന്നു. വിശുദ്ധി എന്നത് പഴയതും പുതിയതുമായ ഉടമ്പടികളുടെ അടിസ്ഥാന വിഷയമാണ്. എന്നിട്ടും നമ്മുടെ കാലത്തെ മതനേതാക്കൾ തങ്ങളുടെ പ്രസംഗത്തിൽ നിന്നും വിശുദ്ധിയുടെ തത്വങ്ങളെ ഉൻമൂലനം ചെയ്യുകയും സാമൂഹികവും സുഖപ്രദവുമായ ഒരു സുവിശേഷം പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവസഭ എന്ന് അഭിമാനിക്കുന്നവർപോലും ലൗകീകജീവിതം നയിക്കുന്നു. ജനപ്രിയമല്ലെങ്കിലും വിശുദ്ധി അതിനെക്കാളേറെ ആണെന്ന സത്യം നിലനിൽക്കുന്നു. വ്യക്തിപരമായ താത്പര്യങ്ങളെക്കാൾ ദൈവത്തെ പ്രസാദിപ്പിക്കുന്ന വിശുദ്ധ ജീവിതത്തിനാണ് പ്രാധാന്യം എന്ന സത്യം നമ്മുടെ ഭവനത്തെ സ്വർഗ്ഗതുല്യമാക്കുന്നു.

യേശുവിന്റെ നല്ല സ്ഥാനപതികളായി ജീവിതത്തിൽ എല്ലാ മേഖലകളിലും വിശുദ്ധന്മാർ പ്രതിനിധാനം ചെയ്യണം. പരിശുദ്ധാത്മാവ് ഹൃദയങ്ങളിൽ വസിക്കുമ്പോഴാണ് ആന്തരിക വിശുദ്ധി കൈവരുന്നത്. യഥാർത്ഥത്തിൽ ദൈവവുമായുള്ള സുദൃഢമായ ബന്ധം പരിശുദ്ധാത്മ പൂർണ്ണമാണ് അത് നമ്മെ കൂടുതൽ ഇഹ ലൗകീക ബന്ധങ്ങളിൽ നിന്നുമകറ്റും.

അനേക ആത്മാക്കൾ ക്രിസ്തുവിലേക്ക് തിരിഞ്ഞ് മാനസാന്തരപ്പെടുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ വിശുദ്ധ ജീവിതം നയിക്കുവാൻതക്ക ആഴത്തിലുള്ള ആത്മീയ അവബോധമില്ലാതെ അവർ അലയുന്നതുകണ്ട് ഞാൻ നിരാശപ്പെടാറുണ്ട്. സ്നേഹിതാ ദൈവത്തിനായി ജീവിക്കുക എന്നാൽ ലൗകീക സുഖങ്ങളിൽ നിന്നും പൂർണ്ണമായി വേർപിരിയുക എന്നുതന്നെയാണർത്ഥം. "ക്രിസ്തുവിനെ പിന്തുടരുവാനായി ഞാൻ എല്ലാ ലൗകീകതയും വിട്ട്" എന്ന പാട്ടുകാരനോട് ചേർന്ന് പാടാം.

അനേക യുവതി യുവാക്കന്മാർ ഇന്ന് തങ്ങളുടെ അഭിരുചി, വിദ്യാഭ്യാസം, വിവാഹം, വസ്ത്രധാരണം മുതലായവ ഈ ലോകത്തിന് അനുരൂപമായി തെരഞ്ഞെടുക്കാറുണ്ട്. വിശുദ്ധ ദൈവത്തിന് ഈ ലോകത്തിന്റെ സ്വത്തു സുഖങ്ങളുമായി പുലബന്ധം പോലുമില്ല. വരുവാനുള്ള ജീവിതത്തിലോ ഈ ജീവിതത്തിലോ അവ യാതൊരു സന്തോഷമോ സമാധാനമോ നൽകില്ല. ഇഹലോകജനത്തിന് മുമ്പിൽ നമ്മുടെ ജീവിതം മാതൃകയുള്ളതും വിശുദ്ധിയോടും നിർമ്മലതയോടും കൂടിയുള്ളതാകട്ടെ.

ഈ ലോക മനുഷ്യരിൽ നിന്നും വ്യത്യസ്തരായ വിശുദ്ധജനം ചുരുക്കമത്രെ. വിശുദ്ധജീവിതം നയിക്കുന്ന നാം നമ്മുടെ വസ്ത്രധാരണം, സംസാരം, പ്രവൃത്തി എന്നിവയിൽ വിശുദ്ധി ദർശിക്കാനാകണം. ഈ ലോകത്തിന് അനുരൂപരാകാതെ ദൈവവചനത്തിന് അനസൃതമായി ജീവിതം ക്രമീകരിക്കാനാകണം.

പ്രീയ ദൈവപൈതലേ, ഈ ലോകത്തിന്റെ കാലഗതിക്കനുസരിച്ച് പോകുവാൻ നമുക്കാവില്ല. ദൈവഹിതമനുസരിച്ച് നമ്മുടെ ജീവിതം വിശുദ്ധിയും പ്രതിഷ്ഠാപൂർണ്ണവുമായിരിക്കട്ടെ. ഈ ലോകം വാഗ്ദാനം ചെയ്യുന്ന പാപപങ്കിലമായ എല്ലാവിധ വഴികളെ വെറുത്തു ജീവിക്കാം. ദൈവീകമായ മനോഭാവത്തോടെ ദൈവത്തെ മഹത്വപ്പെടുത്തികൊണ്ട് വിശുദ്ധരായി ജീവിതം നയിക്കാം.

**മൈക്കിൾ ഡബ്ല്യു. സ്മിത്ത്.**

ദൈവവുമായുള്ള സുദൃഢമായ ബന്ധം ഈ ലോകത്തിന്റെ പാപത്തിൽ നിന്നും മറ്റും നമ്മെ വേർപിരിക്കുന്നതാണ്. വിശുദ്ധി എന്നത് നിശ്ചയമായും ആന്തരീകമായതത്രെ.

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠന സഹായി

## വിഷയം: ഈ ലോകത്തിന്റേത് അല്ല

**വായനഭാഗം :** ഞാൻ അവർക്ക് വചനം കൊടുത്തിരിക്കുന്നു. ഞാൻ ലൗകീകനല്ലാത്തതുപോലെ അവരും ലൗകീകന്മാരല്ലായ്കകൊണ്ട് ലോകം അവരെ പകച്ചു. അവരെ ലോകത്തിൽ നിന്നുമെടുക്കേണമെന്നല്ല ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രെ ഞാൻ അപേക്ഷിക്കുന്നത്. ഞാൻ ലൗകീകനല്ലാത്തതുപോലെ അവരും ലൗകീകരല്ല. - യോഹ. 17: 14-16.

**രത്നച്ചുരുക്കം :** ക്രിസ്ത്യാനികൾ അന്ധകാരത്തിൽ നിന്നും ലോകത്തിന്റെ മോഹങ്ങളിൽ നിന്നും വേർപ്പെട്ട് ക്രിസ്തുവിന്റെ വെളിച്ചത്തിൽ നടക്കുവാൻ വിളിക്കപ്പെട്ടവരത്രെ. ലോകത്തിന്റെ സ്വാധീനത്തിൽ അകപ്പെടാതെ ദൈനംദിന ജീവിതത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നവരത്രെ.



### I അന്ധകാരത്തിൽ നിന്നും വിളിക്കപ്പെട്ടു

A 1 പത്രൊസ് 2:9 - അന്ധകാരത്തിൽ നിന്നും വിളിക്കപ്പെട്ടു.

B ഗലാത്യർ. 5: 16-25 ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കില്ല.

C യോഹന്നാൻ 3:19 മനുഷ്യർ വെളിച്ചത്തെക്കാൾ അധികം ഇരുട്ടിനെ സ്നേഹിച്ചു.

D 1 യോഹ. 1: 5-7 ദൈവത്തോട് കൂട്ടായ്മ ആചരിപ്പാൻ കഴിയാതെ ഇരുളിൽ വസിക്കുന്നു.

E യോഹന്നാൻ 8:12 ക്രിസ്തുവിനെ അനുഗമിക്കുന്നവൻ ഇരുളിൽ വസിക്കുന്നില്ല.

F യോഹ. 12: 46 വിശ്വാസികൾ ഇരുളിൽ വസിക്കുന്നില്ല.

G എഫെസ്യർ. 5:8-11 ഇരുട്ടിന്റെ പ്രവൃത്തികൾ തെളിവായി വരുന്നു.

H 2 കൊരി 5:17 ക്രിസ്തുവിൽ പഴയത് ഒഴിഞ്ഞു പോകുന്നു.

I റോമർ. 8:5-8 ജഡത്തിന്റെ ചിന്ത മരണം

### II ലോകത്തിന്റേതല്ല

A യോഹ. 17: 14-16 ക്രിസ്തുശിഷ്യന്മാർ ലൗകീകന്മാരല്ല.

B യോഹ. 15: 18, 19 നിങ്ങളെ ലോകത്തിൽ നിന്നും തെരഞ്ഞെടുത്തു, അതുകൊണ്ട് ലോകം നിങ്ങളെ പകക്കും.

C 1 യോഹ: 3: 1 ലോകം നമ്മെ അറിഞ്ഞില്ല.

### III ലോകത്തെ സ്നേഹിക്കരുത്

A 1 യോഹ. 2:15 ലോകസ്നേഹം പാടില്ല.

B 1 യോഹ 2: 16 മോഹം പിതാവിന്റേതല്ല.

C കൊലൊ. 3: 1-2 ഉയരത്തിലുള്ളതിൽ മനസ്സ് കേന്ദ്രീകരിക്കുക.

### IV ലോകത്തിന്റെ ശക്തി

A 2 കൊരി 4:4 ഈ ലോകത്തിന്റെ ദൈവം ജനങ്ങളുടെ മനസ്സു കുരുടാക്കി.

B കൊലോസ്യർ. 2:8 വെറും വഞ്ചനയും തത്വചിന്തകളാലുമുള്ള നാശം

### V ലോകത്തിന്റെ ജ്ഞാനം

A 1 കൊരി. 3:19-19 ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രെ.

B 1 കൊരി. 1: 18-25 ദൈവസന്നിധിയിൽ ഭോഷത്വമായത് മനുഷ്യന് ജ്ഞാനമായതത്രെ.

### VI മുൻ അറിയിപ്പുകൾ

A 2 തിമൊ.2:4 ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുക.

B റോമർ. 12: 1-2 ഈ ലോകത്തിന് അനുരൂപരാകാതെ

C യാക്കോബ് 4:4 ലോകത്തിന്റെ സ്നേഹിതൻ ദൈവത്തിന്റെ ശത്രുവാകുന്നു.

D യാക്കോബ് 1: 27 ലോകത്താലുള്ള കളങ്കം പറ്റാതെ സൂക്ഷിക്കുക.

### VII അനന്തരഫലങ്ങൾ

A മത്തായി 16: 24-26 ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം

B ഗലാത്യർ. 6:7-8 മനുഷ്യൻ വിതെക്കുന്നതുതന്നെ കൊയ്യും.

### VIII വിശുദ്ധിയ്ക്കായി വിളിച്ചു.

A 1 പത്രൊസ് 1: 15, 16 ദൈവം വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവീൻ

B 1 കൊരി. 6:18-20 ആത്മാവുകൊണ്ടും, ശരീരംകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുവിൻ

C എബ്രായർ 12:14 വിശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല.

**ഉപസംഹാരം :**

*ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവ് കാത്തിരുന്നു. ബന്ധപ്പെടുത്തിയും കൊണ്ട് വിശുദ്ധരായി ജീവിക്കുക. - 2 പത്രൊസ്. 3:11*

# ഈ ലോകത്തിന്റേത് അല്ല

**ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികൾ ധാർമ്മികത, ഉപദേശം, പെരുമാറ്റം, ആത്മാവ്, വസ്ത്രധാരണം, ജീവിതശൈലി എന്നിവയിൽ ലോകത്തിൽ നിന്ന് വേർപെട്ടവരും വേർപെട്ട് നില്ക്കുകയും ചെയ്യും. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന നാമധേയ ക്രൈസ്തവർ അവർ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നു എന്ന് അവകാശപ്പെടുന്നവന്റെ തത്വങ്ങൾ തന്നെ ലംഘിക്കുന്നു.**



ദൈവസ്നേഹികൾ എന്ന് അവകാശപ്പെടുന്ന ലോകസ്നേഹികളെക്കൊണ്ട് പള്ളികൾ നിറഞ്ഞിരിക്കുമെങ്കിലും ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടവരും, മറ്റെല്ലാറ്റിനുമുപരിയായി ക്രിസ്തുവിനോടും അവിടുത്തെ ലക്ഷ്യത്തോടും അർപ്പണബോധമുള്ളവരാണ് വിശുദ്ധ സഭ. ഭൂമിയിലെ ആത്മീക തീർത്ഥാടകർ എന്ന നിലയിൽ ദൈവമക്കൾക്ക് ഇപ്പോഴും ചെയ്യുവാൻ ജോലിയും, പഠിക്കുവാൻ സ്കൂളുകളും, പാർക്കുവാൻ ഭവനങ്ങളും, സാധനങ്ങൾ വാങ്ങുവാൻ പണവും ആവശ്യമാണ്. എന്നിരുന്നാലും അവർ ഈ ലോകത്തിന്റെ ഭൗതിക നിധികൾ തേടുന്നില്ല. മറിച്ച് അവരുടെ സ്നേഹം, സമയം, ഊർജ്ജം, ഭൂമിയിലെ സമ്പത്ത് എന്നിവയാൽ അനുദിനം ദൈവത്തെ പ്രീതിപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്.

## ലോകത്തിലാണ് എന്നാൽ അതിന്റേതല്ല

ദൈവത്തിനു വേണ്ടി ജീവിക്കുക എന്ന അഗാധമായ ഒരു സത്യം ശിഷ്യന്മാർക്കു വേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു. "അവരെ ലോകത്തിൽ നിന്ന് എടുക്കണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്. ഞാൻ ലൗകീകനല്ലാത്തതു പോലെ അവരും ലൗകീകരല്ല" (യോഹന്നാൻ 17: 15–16) ആളുകൾ സമൂഹത്തിൽ നിന്ന് ശരീരികമായി പിന്മാറി. വിശുദ്ധന്മാർക്കുള്ള ഗ്രാമങ്ങളും സമൂഹങ്ങളും സ്ഥാപിക്കുകയും ചെയ്യുക എന്നത് ഒരിക്കലും ദൈവത്തിന്റെ ഉദ്ദേശം ആയിരുന്നില്ല. മറിച്ച് തന്റെ മക്കൾ ലോകമെമ്പാടും പോകണമെന്നും ചുറ്റുമുള്ള തിന്മകളിൽ നിന്നും സ്വാധീനങ്ങളിൽ നിന്നും വ്യത്യസ്തമായും വിശുദ്ധവുമായ ജീവിതം നയിച്ച്, സമൂഹത്തിന്റെ വെളിച്ചം ഉജ്ജ്വലമായി പ്രകാശിപ്പിക്കണമെന്നും യേശു ആഗ്രഹിച്ചു.

## ലോകത്തിന്റെ നിർവ്വചനം

ലോകത്തിൽ നിന്ന് വേറിട്ടു നില്ക്കുവാനുള്ള ആഹ്വാനവും ആവശ്യകതയും മനസ്സിലാക്കേണ്ടത് പ്രധാനമാണ്. "ലോകം" എന്ന പദം തിരുവെഴുത്തുകളിൽ വിവിധ രീതികളിൽ ഉപയോഗിക്കുന്നു. ദൈവം സൃഷ്ടിച്ച ഭൗതിക പ്രപഞ്ചത്തെ "ലോകം" എന്ന് പരാമർശിക്കാം. "ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" എന്നത് ആളുകളെ സ്നേഹിച്ചു എന്നതിന്റെ പരാമർശമാണ്; മാത്രവുമല്ല അതു വീണ്ടെടുക്കപ്പെടാത്ത മനുഷ്യരാൽ നിയന്ത്രിക്കപ്പെടുകയും അവരുടെ നിയമങ്ങൾ, ചട്ടങ്ങൾ, മൂല്യങ്ങൾ, സ്നേഹം എന്നിവ ഉൾപ്പെടുകയും ചെയ്യുന്നു. ഈ ആശയത്തിലാണ് ക്രിസ്തു അവർ "ലോകത്തിന്റേത് അല്ല" എന്ന് ശിഷ്യന്മാരോട് പറഞ്ഞത്. ഈ ലോകത്തിന്റെ മൂല്യങ്ങൾ പിന്തുടർന്നു ജീവിക്കുന്നവർ ക്രിസ്തുവിന്റെ ശിഷ്യന്മാർ അല്ല, കാരണം ക്രിസത്യാനികൾ ലോകത്തിനുള്ളവരല്ല.

## ലോകം വെറുക്കും


സമൂഹം പൊതുവെ യോഗ്യതയില്ലാത്തവരെ വെറുക്കുന്നതിനാൽ, യേശുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ ക്രമപ്രകാരമുള്ള യോഗ്യതയുള്ളവർ അല്ലാത്തതിനാൽ അവരേയും വെറുക്കുമെന്ന് യേശു പ്രസ്താവിച്ചു. "എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്ന് തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകെക്കുന്നു' (യോഹന്നാൻ 15: 18–19). ലോകത്തിലെ ജനങ്ങൾ തങ്ങളുടെതായതിനെ സ്നേഹിക്കുന്നു. എന്നാൽ വിശുദ്ധിയുടെയും ദൈവീക ജീവിതത്തിന്റെയും കല്പനകൾ ഇഷ്ടപ്പെടുന്നില്ല. അതിനാൽ ആരെങ്കിലും ലോകത്തിൽ സ്നേഹിക്കപ്പെടുന്നുവെങ്കിൽ തിരുവെഴുത്തുകൾ അനുസരിച്ച് അവൻ, അവരുമായി ഒന്നാണ്. മാത്രമല്ല, ഒരു വിശുദ്ധന്റെ വിളിക്കപ്പെട്ട ജീവിതം അവർ നയിക്കുന്നതുമില്ല. ക്രിസ്തുവിന്റെ ശിഷ്യന്മാർ വിശ്വാസിയുടെ നിയമത്തിൽ നടക്കുന്നു. അത് ജഡികരായ രക്ഷിക്കപ്പെടാത്ത ആളുകളുടെ ആത്മാവിൽ നിന്നും താല്പര്യങ്ങളിൽ നിന്നും വളരെ വിഭിന്നമാണ്. "ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും അറിയുന്നില്ല" (1 യോഹന്നാൻ 3:1)

## ലോകത്തെ സ്നേഹിക്കരുത്

ക്രിസ്തുവിന്റെ തത്വങ്ങളെ ലോകത്തിന്റെ മൂല്യങ്ങളുമായി കൂട്ടിയോജിപ്പിച്ച് യഥാർത്ഥ വിശുദ്ധിയെ തുരങ്കം വയ്ക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും തിരുവെഴുത്തുകളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും വ്യക്തമാണ്. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല" (1 യോഹന്നാൻ 2:15) ക്രിസ്ത്യാനികൾ തങ്ങളുടെ വാത്സല്യം ദൈവത്തിൽ മാത്രം സ്ഥാപിക്കണം, ഒരിക്കലും ലോകത്തിന്റെ വസ്തുക്കളിലോ അനീതി നിറഞ്ഞ ആത്മീകതയാലോ ഭരിക്കപ്പെടരുത്. ദൈവത്തിന്റെ പൈതൽ ലോകത്തിന്റെ സ്വാധീനങ്ങളിൽ നിന്നും ജഡത്തിന്റെ സുഖങ്ങളിൽ നിന്നും തമാശകളിൽ നിന്നും അകന്നു നില്കുകയും വിട്ടുനില്ക്കുകയും വേണം. ലോകസ്നേഹവും ദൈവസ്നേഹവും ഒരുമിച്ച് നിലനില്ക്കുവാൻ കഴിയാത്തതാണ്.

"ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നാകുന്നു" (1 യോഹന്നാൻ 2:16). പിതാവിന്റേതല്ലാത്തതും ലോകത്തിന്റേതുമായ കാര്യങ്ങളിൽ വിശുദ്ധ ഗ്രന്ഥം

വലിയ വ്യക്തത നല്കുന്നുണ്ട്. ജഡമോഹം ഇന്ദ്രീയങ്ങളുടെ സുഖങ്ങൾക്കുവേണ്ടിയുള്ള അശുദ്ധമായ ആഗ്രഹമാണ്; മയക്കുമരുന്ന്, മദ്യം, ആർത്തി, പരസംഗം മുതലായവയിൽ മാത്രം ഇത് ഒതുങ്ങുന്നില്ല. വ്യാപകമായ മര്യാദയില്ലായ്മയാണ് ലോകത്തിൽ ഉള്ളത്. ഇറുകിയതും പരസ്യമായി വസ്ത്രം അഴിക്കുന്നതും ബൈബിൾ പഠിപ്പിക്കുന്ന എളിമയ്ക്കും ലാളിത്വത്തിനും എതിരാണ്. മേക്കപ്പും ആഭരണങ്ങളും ലൗകികതയെ പിന്തുടരുന്നതും കണ്ണുകളുടെ മോഹത്തെ സുഗമമാക്കുകയും ചെയ്യുന്നു. അതു കാഴ്ചയെ തൃപ്തിപ്പെടുത്തുന്നു. ഭംഗിയുള്ള വസ്ത്രങ്ങൾ, വലിയ വിലയുടെയും ആകർഷകവുമായ വീടുകൾ എന്നിവയ്ക്കുള്ള അമിതമായ ആഗ്രഹം വ്യർത്ഥമാണ്, പിതാവിന്റെതല്ല. മനുഷ്യന്റെ ബഹുമാനവും അംഗീകാരവും നേടുന്നതിനുള്ള അഭിലാഷം ജീവിതത്തിന്റെ പ്രതാപത്തിൽ ഉൾപ്പെടുന്നു. അത് ഈ ലോകത്തിൽ സമ്പത്തിനും, പ്രശംസയ്ക്കും, മഹത്വത്തിനും വേണ്ടിയുള്ള ആഗ്രഹമാണ്.



**"ലോകത്തിലെ ഏറ്റവും വലിയ ശക്തി അതിന്റെ വസ്തുക്കളിൽ മാത്രമല്ല, മറിച്ച് അതിന്റെ തത്വചിന്തകളിലും പ്രത്യയശാസ്ത്രങ്ങളിലുമാണ്."**

ഈ കാര്യങ്ങളും ആഗ്രഹങ്ങളും ദൈവത്തോടുകൂടെ വിനയത്തോടും സ്നേഹത്തോടും കൂടെ നടക്കുന്നതിന് അനുയോജ്യമല്ല. ഒരാളുടെ വ്യക്തിത്വം ഇവയിലേക്ക് ശക്തമായി ആകർഷിക്കുകയാണെങ്കിൽ, അതിനെ മറികടന്ന് ക്രിസ്തുവിനെ പ്രസാദിപ്പിച്ച് ജീവിക്കുവാൻ ദൈവകൃപ ഉണ്ട്. "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിക്കുവിൻ" (കൊലൊസ്സ്യർ 3:1–2)

## ലോകത്തിന്റെ ശക്തിയും ജ്ഞാനവും

2 കൊരിന്ത്യർ 4:4 പഠിപ്പിക്കുന്നത് "ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി" എന്നാണ്. ലോകത്തിന്റെ കാര്യങ്ങളിലും അതിന്റെ ആത്മാവിനും വലിയ ശക്തിയും ബലവും ഉണ്ട്. അനേകം ദൈവമക്കൾ ലോകത്തിന്റെ കാര്യങ്ങളിൽ ഇടപഴിക്കൊണ്ട് ജീവിച്ചതിനാൽ ദൈവത്തോടുള്ള അവരുടെ സ്നേഹം നഷ്ടപ്പെട്ടു. സ്പോർട്സ്, സംഗീതം, വിനോദം, ഫാഷൻ എന്നിവ ആധുനിക ലോകം, ആരാധിക്കുന്ന വിഗ്രഹങ്ങൾ ആണ്. കാരണം അവ ആളുകളുടെ സ്നേഹം, സമയം, പണം മുതലായവയെ നിയന്ത്രിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ശക്തി അതിന്റെ വസ്തുക്കളിൽ മാത്രമല്ല മറിച്ച് അതിന്റെ തത്വചിന്തകളിലും പ്രത്യയ ശാസ്ത്രങ്ങളിലുമാണ്. "തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിക്കുവാൻ സൂക്ഷിപ്പിൻ, അതു മനുഷ്യരുടെ സമ്പ്രദായത്തിന് ഒത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന് ഒത്തവണ്ണമുള്ളതല്ല (കൊലൊസ്യർ 2:8)

ദൈവമക്കൾ ജാഗരൂകരായിരുന്നില്ലെങ്കിൽ അവർ സാവധാനം ദൈനംദിന ജീവിതത്തിന്റെ പ്രായോഗിക വിശുദ്ധിയിൽ നിന്ന് തീർച്ചയായും അവരുടെ ചിന്തയാൽ വഴുതിവീഴുവാൻ ഇടയാകും. ഭക്തിയില്ലാത്ത ജഡിക ആളുകളുടെ ന്യായവാദം കേട്ട് ചതിക്കപ്പെടാം. നമ്മുടെ വീണ്ടെടുക്കപ്പെടാത്ത അദ്ധ്യാപകരും പരിശീലകരും ദൈവഭക്തിയെ നിസ്സാരമാക്കുകയും, ദൈവഭക്തിക്ക് വിരുദ്ധമായ കാര്യങ്ങളിൽ തുറന്ന മനസ്സും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു മനോഭാവം പ്രചരിപ്പിക്കുന്നതിലൂടെ ദൈവഭക്തിക്ക് വിപരീതമായ ഉയർന്ന അറിവും ധാരണയും നേടുകയും ഉയർന്ന ബുദ്ധിയും പ്രബുദ്ധതയും ഉന്നയിക്കുകയും ചെയ്യുന്നു.

അപ്പൊസ്തലനായ പൗലൊസ് കൊരിന്തിലെ സഭയ്ക്ക്, 1 കൊരിന്ത്യർ 3:19 ൽ മുന്നറിയിപ്പ് നല്കുന്നത്: "ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രേ. അവർ ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുന്നു" എന്നും കർത്താവ് ജ്ഞാനികളുടെ വിചാരം വ്യർത്ഥം എന്നറിയുന്നു" എന്നും എഴുതിയിരിക്കുന്നുവല്ലോ. "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. ദൈവത്തിന്റെ ഭോഷത്വം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ആകുന്നു (1 കൊരിന്ത്യർ 1:18–25). പ്രബോധനത്തിനും മാർഗ്ഗനിർദ്ദേശത്തിനുമായി നിങ്ങൾ ആരെയാകുന്നു ശ്രദ്ധിക്കുന്നത്? വിശുദ്ധിയിൽ നിന്ന് ആളുകളെ അകറ്റുവാനുള്ള വ്യക്തമായ അജണ്ട സമൂഹത്തിലുണ്ട്. ദൈവപൈതലേ സൂക്ഷിക്കുക.

## മുന്നറിയിപ്പുകൾ

ലോകത്തിൽ ജീവിക്കുമ്പോൾ അതിന്റേതായി ജീവിക്കാതെ ഇരിക്കുവാൻ വലിയ ജാഗ്രത വേണം. "പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് യാതൊരു പടയാളിയും ജീവിത കാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു" (2 തിമൊഥെയൊസ് 2:4). സമൂഹത്തിലെ രാഷ്ട്രീയ കാര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു. വളരെ വേഗത്തിൽ ജഡികമായ ഒരു ആത്മാവിന് "നല്ല ലക്ഷ്യത്തിൽ" വേരൂന്നിയതും ഒരിക്കൽ ദൈവത്തിനായി വിശുദ്ധീകരിക്കപ്പെട്ട ആത്മാവിനെയും അതിന്റെ മനോഭാവത്തേയും ലംഘിക്കുവാൻ കഴിയും.

തങ്ങളെത്തന്നെ പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുവാനും ഈ ലോകത്തിന് അനുരൂപമാകാതെ മനസ്സുപുതുക്കി രൂപാന്തരപ്പെടുവാൻ (റോമർ 12:1–2) റോമയിലെ സഭയും ഇന്നത്തപ്പോലെ വെല്ലുവിളിക്കപ്പെട്ടു. കൂടുതൽ മനസ്സുകൾ രൂപാന്തരപ്പെടേണ്ടതുണ്ട്, കാരണം ലക്ഷ്യത്തിലും ആത്മാവിലും, രൂപത്തിലും ലോകവുമായി രൂപാന്തരപ്പെടുന്ന ധാരാളം ക്രിസ്ത്യാനികൾ ഉണ്ട്. അത് ദൈവത്തിന് സ്വീകാര്യമല്ല. ശക്തവും സത്യവുമായി യാക്കോബ് 4:4 ൽ ഇങ്ങനെ വായിക്കുന്നു. "ലോക സ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു." എന്ന് അനേകം വിട്ടുവീഴ്ച ചെയ്ത മതനേതാക്കളുടെ പഠിപ്പിക്കലുകൾ പരിഗണിക്കാതെ, ശുദ്ധമായ ഭക്തി" ലോകത്തിലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുസൂക്ഷിക്കുന്നത് ആകുന്നു. (യാക്കോബ് 1:27)

ആത്മീകമായി അന്ധരായവരുടെ കണ്ണുകൾ ലോകത്തിൽ പതിയിരിക്കുന്ന അപകടം കാണുവാൻ തുറക്കട്ടെ. അപ്പോൾ അവർ വിശുദ്ധിയുടെ സൗന്ദര്യം കാണും. പ്രിയ വായനക്കാരെ, ദൈവവചനത്താൽ നിങ്ങളുടെ ജീവിതം പരിശോധിക്കുക. നിങ്ങളുടെ വസ്ത്രം ലോകത്തോടൊപ്പം കറപിടിച്ചതോ അതോ മനഃസാക്ഷിയുടെ വ്യക്തതയോടെ "ക്രിസ്തു ലോകത്തിന്റേത് അല്ലാത്തതുപോലെ" ഞാനും ലോകത്തിന്റേത് അല്ല എന്നു പറയുവാൻ കഴിയുമോ? ലോകത്തിൽ നിന്നും, കുടുംബത്തിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും വ്യത്യസ്തനാകുവാനും യേശുവിനോടൊപ്പം നിങ്ങളുടെ നിലപാട് സ്വീകരിക്കുവാനും നിങ്ങൾ തയ്യാറാണോ? ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെട്ടാൽ നിനക്ക് എന്തു പ്രയോജനം (മത്തായി 16: 24–26).

ഈ ലോകം താമസിയതെ ഒഴിഞ്ഞുപോകും. അതിനെ പിന്തുടരുന്നവർ നിത്യമായ മരണവും ശിക്ഷയും അനുഭവിക്കും: എന്നാൽ ക്രിസ്തു മുഖാന്തരം "ഈ ലോകത്തിന്റേതല്ലാതായി" ജീവിക്കുന്നവർക്ക് കാത്തിരിക്കുന്നത് നിത്യജീവനാണ്. ■

# വിശുദ്ധിക്കായി വിളിച്ചു



ജീവിതം നയിക്കുവാനുള്ള ഏറ്റവും പൂർണ്ണമായ മാർഗ്ഗം കർത്താവിനുവേണ്ടി ജീവിക്കുന്നതാണ്. നമ്മുടെ സൃഷ്ടാവിന്റെ നിയോഗവും രൂപകല്പനയും തൃപ്തിപ്പെടുത്തി ജീവിക്കുന്നത്. ഏറ്റവും വലിയ സന്തോഷം കൈവരുത്തുകയും വ്യക്തിഗതമായ സാധ്യതകൾ പരമാവധിയാക്കുവാൻ നമ്മെ പ്രാപ്തമാക്കുകയും ചെയ്യുന്നു. യാത്ര ചെയ്യുവാൻ ധാരാളം വഴികൾ ഉണ്ടെങ്കിലും ഒന്നുമാത്രമേ നിത്യജീവനിലേക്ക് നയിക്കുന്നുള്ളു. അതേ, അത് ഒരു ഇടുങ്ങിയ വഴിയാണ്, അതു കണ്ടെത്തുന്നവർ ചുരുക്കമാണ്. പക്ഷേ അത് ഒരു നല്ല വഴിയാണ്. വിശുദ്ധിയുടെ പാതയിലൂടെ നടക്കുന്നതു ആത്മാവിന് യഥാർത്ഥ വിശ്രമവും സമാധാനവും നല്കുന്നു. കാരണം കർത്താവിന്റെ സാന്നിധ്യത്തിലാണ് ഒരാൾ യഥാർത്ഥ സംതൃപ്തി കണ്ടെത്തുന്നത്.

വിശുദ്ധിയുടെ ജീവിതത്തിൽ മാത്രമേ നമുക്ക് കർത്താവിനെ കണ്ടെത്താൻ കഴിയൂ. കാരണം അവർ പരിശുദ്ധനായ ദൈവമാണ്. അനേകർ ലോകത്തിന്റെ ആത്മാവിനെ നല്ല ജീവിത തത്വങ്ങളുമായി കൂട്ടിയിണക്കി ദൈവത്തെ കണ്ടെത്തുവാൻ ശ്രമിക്കുന്നു.വികാരങ്ങളെ വലിച്ചെറിയുവാൻ ലോകത്തിന്റെ സംഗീതത്തോടൊപ്പം ദൈവീക വചനങ്ങളും ഉപയോഗിക്കുന്ന ലോകത്തിലെ "മതപരമായ" സംഗീതവും ആരാധനയും ഇതിന് ഉദാഹരണമാണ്. ശരിയാണ്, ദൈവവുമായുള്ള ശാശ്വതമായ കൂട്ടായ്മ ഈ മിശ്രിതത്തിലല്ല, മറിച്ച് പരിശുദ്ധിയിലും വിശുദ്ധിയിലുമാണ്.

ദൈവത്തെ ആരാധിക്കുന്നതിനായി സമർപ്പിക്കപ്പെട്ട വേറിട്ടതും വിശുദ്ധവുമായ ഒരു ജനം ഉണ്ടായിരിക്കുക എന്നതായിരുന്നു തുടക്കം മുതൽ ദൈവത്തിന്റെ ഉദ്ദേശ്യം. ക്രിസ്തുവിന്റെ പ്രബോധനത്തിന്റെ സാരാംശം വിശുദ്ധിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. നഷ്ടപ്പെട്ട ലോകത്തിലേക്ക് ദൈവത്തിന്റെ മഹത്വം എങ്ങനെ പ്രതിഫലിപ്പിക്കണമെന്ന് അവിടുന്ന് തന്റെ ശിഷ്യന്മാരെ ഉപദേശിച്ചു.

നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (1 പത്രോസ് 1: 15–16). വിശുദ്ധിയുടെ അനുഭവത്തിലേക്കും ജീവിതത്തിലേക്കും നാം വിളിക്കപ്പെട്ടിരിക്കുന്നു. കാരണം അതില്ലാതെ നമുക്ക് ദൈവവുമായി ജീവിക്കുവാൻ കഴിയുകയില്ല. ശരിയായ വിശുദ്ധി ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ നിന്നു വന്നു കർത്താവിനെ പ്രസാദിപ്പിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ജീവിതത്തിലെ എല്ലാ മേഖലകളിലും നാം വിശുദ്ധിയോടെ ആയിരിക്കണം. വിശുദ്ധി എന്നതു വിശുദ്ധീകരിക്കപ്പെട്ടത് എന്നു മാത്രമല്ല അത് എല്ലായ്പ്പോഴും അങ്ങനെ തന്നെ എന്നു സൂചിപ്പിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ ജീവിതം ആന്തരികമായും ബാഹ്യമായും ഒരേ ആത്മാവും ലക്ഷ്യവും ഉള്ളതായിരിക്കണം. 1 കൊറിന്ത്യർ 6:20 പ്രസ്താവിക്കുന്നു. "നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ തന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ". ദൈവത്തെ മഹത്വപ്പെടുത്തുന്നത് ജീവിതത്തിന്റെ എല്ലാ മേഖലകൾക്കും ഒരു കുട ആണ്. നമ്മുടെ തീരുമാനങ്ങൾ, നമ്മൾ സംസാരിക്കുന്ന വാക്കുകൾ, നാം ഉൾക്കൊള്ളുന്ന മനോഭാവങ്ങൾ, ബാഹ്യമായ വസ്ത്രധാരണം വരെ. എല്ലാ ദിവസവും എല്ലാവിധത്തിലും ദൈവത്തെ മഹത്വപ്പെടുത്തുവാൻ ദൈവമക്കൾ വിളിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധിയെ കടുത്ത നിയന്ത്രണ നടപടികളുള്ള ജീവിതമായി ചിത്രീകരിക്കുവാൻ ശത്രു ശ്രമിക്കും. "നിങ്ങൾക്ക് അതു ചെയ്യുവാൻ കഴിയുകയില്ല, നിങ്ങൾക്ക് ഇതു ചെയ്യുവാൻ കഴിയുകയില്ല.. നിങ്ങൾക്ക് അവിടെ പോകുവാൻ കഴിയുകയില്ല. നിങ്ങൾക്ക് അതു കേൾക്കുവാൻ കഴിയുകയില്ല" മുതലായവ. ശത്രു കള്ളനാണ്. വിശുദ്ധി വിമോചനമാണ്. പരിമിതപ്പെടുന്നില്ല. ക്രിസ്തുവിലൂടെയുള്ള വിശുദ്ധി ക്രിസ്ത്യാനിയെ ലോക മനുഷ്യർ നയിക്കുന്നതും നിയന്ത്രിക്കുന്നതുമായ ഈ ലോകത്തിന്റെ ശക്തികളിൽ നിന്ന് സ്വതന്ത്രമാകുവാൻ പ്രാപ്തനാക്കുന്നു. യഥാർത്ഥ രക്ഷയും വിശുദ്ധിയും നമ്മെ ഭയത്തിൽ നിന്നും പീഡനങ്ങളിൽ നിന്നും വിടുവിക്കുന്നു. ഒരു ഗാനം ഉള്ളതുപോലെ "വിദ്വേഷം, അസൂയ, കലഹം എന്നിവയിൽ നിന്നുള്ള സ്വാതന്ത്ര്യം അതു കൊണ്ടുവരുന്നു. ലോകത്തിൽ നമുക്ക് ചെയ്യുവാൻ കഴിയുന്നതിനെക്കാൾ ക്രിസ്തുവിൽ നമുക്ക് ചെയ്യുവാൻ കഴിയുന്നതാണ് വിശുദ്ധി.

ഒരു വിശുദ്ധ ജീവിതം നയിക്കുക എന്നത് ഒരു ഉയർന്ന വിളിയാണ്. അതു നമുക്കു ചുറ്റുമുള്ള മിക്ക ആളുകളും ജീവിക്കുന്ന രീതിയെക്കാൾ വളരെ ഉയർന്നതാണ്. വേർപാട് പാലിക്കുവാൻ ധൈര്യവും ഉറപ്പും ആവശ്യമാണ്. അതിന്റെ പ്രതിഫലം ശാശ്വതമാണ്. വിശുദ്ധിയേലേക്കുള്ള ആഹ്വാനത്തിന് ഉത്തരം നല്കേണ്ടത് അത്യന്താപേക്ഷിതമാണ്, കാരണം അതില്ലാതെ ഒരു മനുഷ്യനും കർത്താവിനെ കാണുകയില്ല (എബ്രായർ 12:14) ■

**"ഒരു ക്രിസ്ത്യാനിയുടെ ജീവിതം ആന്തരികമായും ബാഹ്യമായും ഒരേ ആത്മാവും ലക്ഷ്യവും ഉള്ളതുമായിരിക്കണം."**

"ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനത്രേ വിളിച്ചത്"

1 തെസ്സലോനിക്യർ 4:7

Printed matter only
**MALAYALAM EDITION**

നിങ്ങൾക്ക് അറിയാമോ?


ഉദ്ദേശം ഏ.ഡി. 210-ൽ തെർത്തുല്ല്യന്റെ രചനകളിൽ നിന്ന്: "നിങ്ങൾ സ്വയം ഒരു ക്രിസ്ത്യാനി എന്ന് കരുതുന്നിടത്തോളം നിങ്ങൾ ഒരു ജാതീയനിൽ നിന്ന് വ്യത്യസ്തനാണ്. കാര്യങ്ങളെക്കുറിച്ചുള്ള സ്വന്തം നിരീക്ഷണങ്ങൾ അവനു തന്നെ തിരികെ നല്കുക! എല്ലാറ്റിനുമുപരി അവൻ നിങ്ങളുടെ വീക്ഷണങ്ങളിൽ നിന്ന് പഠിക്കുന്നില്ല. എന്തുകൊണ്ട് നിനക്കു സ്വന്തമായ ഒരു കണ്ണുണ്ടെങ്കിൽ അന്ധനായ വഴികാട്ടിയിൽ ചാരുന്നു? ക്രിസ്തുവിനെ ധരിച്ചാൽ നഗ്നനായവൻ എന്തിന് വസ്ത്രം ധരിക്കണം?"

തക്കസമയത്ത് പറഞ്ഞ വാക്ക്

# നീതി പ്രസംഗി

*"ദൈവം പുരാതന ലോകത്തെ ആദരിക്കാതെ ഭക്തികെട്ടവരുടെ ലോകത്തിൽ ജലപ്രളയം വരുത്തിയപ്പോൾ നീതി പ്രസംഗിയായ നോഹയെ ഏഴുപേരോടുകൂടെ പാലിക്കുകയും .*

\- 2 പത്രോസ് 2:5



ദൈവത്തിൽ നിന്നുള്ള ദിവ്യപ്രബോധനങ്ങൾക്ക് വിധേയമായി നോഹ, ഒരു പെട്ടകം പണിയുവാൻ പതിറ്റാണ്ടുകളോളം വിശ്വസ്തതയോടെ അധ്വാനിച്ചു. ദൈവത്തിന്റെ ന്യായവിധിയിൽ ദുഷ്ടന്മാരെ നശിപ്പിക്കുവാനുള്ള വെള്ളപ്പൊക്കത്തിൽ നിന്ന് മോചനം നേടുവാനുള്ള ഒരു മാർഗ്ഗമായിരുന്നു ഈ പെട്ടകം. പരിഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്തിട്ടും നോഹ, ദൈവവുമായുള്ള ഐക്യത കാത്തു സൂക്ഷിക്കുകയും സമൂഹത്തിന്റെ സമ്മർദ്ദങ്ങൾക്ക് വഴങ്ങാതിരിക്കുകയും ചെയ്തു. ദൈവവചനം സത്യമാണ് എന്നു വിശ്വസിച്ച് അവൻ ഒറ്റയ്ക്കു നിന്നു. "അവൻ തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തീർത്തു" (എബ്രാ 11:7).

ഉല്പത്തി 6:9 നമ്മെ അറിയിക്കുന്നതു "നോഹ, നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു; നോഹ, ദൈവത്തോടുകൂടെ നടന്നു" എന്നുമാണ്. വ്യക്തമായും നോഹ തന്റെ വിശ്വാസം തന്നിൽത്തന്നെ കാത്തു സൂക്ഷിച്ചില്ല, മറിച്ച് നീതിയുടെ ഒരു പ്രസംഗകനായിരുന്നു. അവൻ തന്റെ പ്രവർത്തിയിലൂടെയും സത്യവും നീതിയും പ്രഖ്യാപിച്ചു. നിശബ്ദനായി തന്റെ ഇടപാടുകളിലേക്ക് പോകുന്നത് എത്ര എളുപ്പമായിരുന്നു, എന്നാൽ നോഹ, മനുഷ്യരാശിയുടെ ദുഷ്ടത കാണുകയും ദൈവത്തിന്റെ ന്യായവിധി അഴിച്ചുവിടുന്നതിന് മുൻപ് തങ്ങളെ തന്നെ താഴ്ത്തി അവരുടെ പാപങ്ങളിൽ പശ്ചാത്തപിക്കുന്നതിനുള്ള അവസരം നല്കുന്നതിന് ജനങ്ങളോട് നീതിയുടെ വചനം പ്രസംഗിക്കുകയും ചെയ്തു.

നമ്മുടെ ഇന്നത്തെ ദുഷ്ടതലമുറയിൽ കൂടുതൽ നീതിപ്രബോധകരുടെ ആവശ്യം ഉണ്ട്. വളരെയധികം പ്രസംഗകരും പ്രസംഗിക്കുന്നത് ആളുകൾക്ക് അവരുടെ പാപത്തിൽപോലും തങ്ങളെക്കുറിച്ചു തന്നെ നല്ലതായി തോന്നുന്ന കാര്യങ്ങളാണ്. കേൾക്കുവാനും ദഹിക്കുവാനും എളുപ്പമുള്ള കാര്യങ്ങൾ അവർ പഠിപ്പിക്കുന്നു. ദൈവം വിശുദ്ധനാണ്. അവിടുത്തെ ശുശ്രൂഷകൾ വിശുദ്ധിയുടെയും ലോകത്തിന്റെ തിന്മയുടെ ആത്മാവിൽ നിന്ന് വേർപിരിയുന്നതിന്റെയും പ്രസംഗകർ ആയിരിക്കണം. വിശുദ്ധിയുടെ പ്രസംഗകൻ പരിഹസിക്കപ്പെടാം. കളിയാക്കപ്പെട്ടേക്കാം. പീഡിപ്പിക്കപ്പെട്ടേക്കാം. സഭയിൽ നിന്ന് അതൃപ്തി ഉണ്ടായേക്കാം. എന്നിരിന്നാലും വീണ്ടെടുപ്പിനുള്ള അവസരമില്ലാതെ ന്യായവിധിയിൽ ശാശ്വതമായി വ്യസനിക്കുന്നതിനേക്കാൾ മാനസാന്തരപ്പെടുവാനുള്ള അവസരത്തോടെ ആളുകൾ ജീവിതത്തിൽ വ്രണപ്പെടുന്നതാണ് നല്ലത്.

നോഹയുടെ നാളുകളിലേതു പോലെ അവസാന ന്യായവിധിയുടെ നാളുകളിലും അങ്ങനെതന്നെ ആയിരിക്കും. വിശുദ്ധൻ രക്ഷിക്കപ്പെടും, ദുഷ്ടൻ നിത്യമരണത്താൽ എന്നേക്കും ഛേദിക്കപ്പെടും. എല്ലാ ശുശ്രൂഷകന്മാർക്കും പരിശുദ്ധാത്മാവ് വിശുദ്ധിയുടെ എല്ലാ സത്യവും പ്രസ്താവിക്കുവാൻ ദൈവം ധൈര്യം നല്കട്ടെ. കാരണം അത് ആത്മാവിന്റെ രക്ഷയാണ്. ■

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor
**Michael W. Smith**

Malayalam Editor:
**Mathew Joseph**

Asst. Editor
**Baby Mathew**

Publisher:
**Biju J. Varghese**